**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4540** **01-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിലെ ജീവനക്കാരുടെ പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിൽ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനാവശ്യമായ അംഗീകൃത കോഴ്സുകൾ ചെയ്യുന്നതിന് ലീവ് അനുവദിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | സഹകരണ വകുപ്പിൽ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനാവശ്യമായ അംഗീകൃത കോഴ്സുകൾ ചെയ്യുന്നതിന് ലീവ് അനുവദിക്കാറില്ല. ക്ലർക്ക് / ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാർക്ക് ഇൻ-സർവ്വീസ് ട്രെയിനിംഗിനായി വേതനത്തോടുകൂടി ജെ.ഡി.സി പരിശീലനത്തിന് നിയോഗിക്കുന്നുണ്ട്. |
| (ബി) | ജെ.ഡി.സി./എച്ച്.ഡി.സി./ബി.കോം കോ-ഓപ്പറേഷൻ യോഗ്യതയുള്ളവർക്ക് പ്രൊമോഷൻ റാങ്ക് ലിസ്റ്റ് വഴിയല്ലാതെ നേരിട്ട് പ്രൊമോഷൻ നൽകുന്നുണ്ടോ; എങ്കിൽ ഏത് തസ്തികയിലേയ്ക്കാണ് നിയമിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കേരള സഹകരണ സബോർഡിനേറ്റ് ചട്ടങ്ങൾ പ്രകാരം സീനിയർ ക്ലർക്ക്/യു.ഡി. ടൈപ്പിസ്റ്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I & IIഎന്നീ തസ്തികകളിൽ നിന്നും സഹകരണ ജൂനിയർ ഇൻസ്പെക്ടർ /ഓഡിറ്റർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം ലഭിക്കുന്നതിന് സീനിയർ ക്ലർക്ക്/യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഒരു വർഷത്തെ സേവനവും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I & II തസ്തികയിൽ അഞ്ച് വർഷത്തെ സേവനവും ജെ.ഡി.സി./എച്ച്.ഡി.സി. യോഗ്യതയും നിർബന്ധിത വകുപ്പുതല പരീക്ഷകളും വിജയിച്ചിരിക്കണം. 06.04.2022 തീയതിയിലെ ജി.ഒ.(എം.എസ്.) നം.10/2022/സഹ സർക്കാർ ഉത്തരവ് പ്രകാരം അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബി.കോം. (കോ-ഓപ്പറേഷൻ) യോഗ്യതയാർജ്ജിച്ചിട്ടുള്ളവരെ സീനിയർ ക്ലർക്ക്/യു.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ നിന്നും സഹകരണ ജൂനിയർ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം ലഭിക്കുന്നതിന് ജെ.ഡി.സി./എച്ച്.ഡി.സി. പരിശീലനത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ